LIBRARY ARCHIVES Kerala Legislative Assembly

ചാലക്കുടി ഹൈലെവൽ സ്കീമിന്റെ പുനരുദ്ധാരണം

84 (2183) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി നഗരസഭയിലെ വാട്ടർ അതോറിറ്റിയുടെ ഹൈലെവൽ സ്കീമിന്റെ ചോർച്ചയും അതുമായി ബന്ധപ്പെട്ടുണ്ടാകുന്ന മറ്റ് ബുദ്ധിമുട്ടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ സ്കീമിന്റെ പുനരുദ്ധാരണത്തിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ഹൈലെവൽ ടാങ്കിൽ നിന്നുള്ള ജലവിതരണ പൈപ്പുകൾ ഹെവി ട്രാഫിക്മൂലം നിരന്തരം പൊട്ടുന്നുണ്ട്. ഇത് മാറ്റി സ്ഥാപിക്കുന്നതിനായി 11 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ചാലക്കുടി ടൗണിലുള്ള ടാങ്കിന്റെയും തൂണുകളുടെയും അറ്റകുറ്റപ്പണികൾക്കായുള്ള എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിക്കാവശ്യമായ ഫണ്ട് കണ്ടെത്തിയ ശേഷം പദ്ധതി നടപ്പാക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളുന്നതാണ്.

കെ.എസ്.ആർ.ടി.സി. ബസുകൾ ഉൾപ്പെടുന്ന അപകടങ്ങൾ

85 (2184) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുണ്ടാകുന്ന റോഡപകടങ്ങളിൽ നല്ല പങ്കും കെ.എസ്.ആർ.ടി.സി. ബസുകൾ മൂലമെന്നതാണ് ഉണ്ടാകുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ അപകട നിരക്ക് കുറയ്ക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(ബി) കെ.എസ്.ആർ.ടി.സി. ബസുകൾ ഉൾപ്പെടുന്ന അപകടങ്ങളിൽ കുറ്റക്കാരെന്ന് കോടതി കണ്ടെത്തുന്ന ഡ്രൈവർമാർക്കെതിരെ കോർപ്പറേഷൻ സ്വീകരിക്കാറുള്ള നടപടികളുടെ വിശദാംശം നൽകുമോ ;

(സി) കർശന നടപടികളുടെ അഭാവം അപകടനിരക്ക് കൂട്ടുന്നു എന്ന വസ്തുത പരിഗണിക്കപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതു പരിഹരിക്കാൻ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദീകരിക്കുമോ ;

(ഡി) ഡ്രൈവർമാരുടെ അമിത ജോലിഭാരം അപകടങ്ങൾക്ക് കാരണമാകുന്നു എന്ന വസ്തുത പരിഗണിച്ച് പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഇ) മദ്യപിച്ച് വാഹനമോടിക്കുന്നത് തടയാൻ കോർപ്പറേഷൻ സ്വീകരിച്ചിട്ടുള്ള മുൻകരുതൽ നടപടികൾ വിശദമാക്കുമോ;

(എഫ്) ഉറക്കമിളച്ച് ദീർഘദൂരം വാഹനമോടിക്കുന്ന സാഹചര്യം ഒഴിവാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് ഇപ്പോൾ കെ.എസ്.ആർ.ടി. ബസ്സുകൾ ഉൾപ്പെടുന്ന അപകടങ്ങളുടെ നിരക്കിൽ കുറവുണ്ടായിട്ടുണ്ട്. 2005-ൽ ഒരുലക്ഷം കിലോമീറ്ററിന് 0.30 ആയിരുന്ന അപകടനിരക്ക് 2009-ൽ 0.18 ആയും കുറയ്ക്കാൻ കഴിഞ്ഞു.

അപകടങ്ങൾ ഒഴിവാക്കുന്നതിനായി വിവിധ പരിശീലന പരിപാടികളും ബോധവൽക്കരണ ക്ലാസുകളും സംഘടിപ്പിച്ചുവരുന്നു. നിലവിലുള്ള എല്ലാ ഡ്രൈവർമാർക്കും കെ.എസ്.ആർ.ടി.സി.യുടെ ട്രെയിനിംഗ് സെന്ററിൽ പ്രത്യേക പരിശീലനം നൽകുകയുണ്ടായി. പുതിയതായി സർവ്വീസിൽ പ്രവേശിക്കുന്ന എല്ലാ ഡ്രൈവർമാർക്കും Pre-appoinment Training നൽകുകയും ചെയ്യുന്നു. കൂടാതെ വാഹനങ്ങൾ ഓടിക്കുമ്പോഴുണ്ടാകുന്ന തകരാറുകൾ പരിഹരിക്കുന്നതിനായി കറക്ടീവ് ട്രെയിനിംഗും അപകടം ഉണ്ടാക്കുന്ന ഡ്രൈവർമാർക്ക് നിർബന്ധിത ട്രെയിനിംഗും കൗൺസിലിംഗും നൽകിവരുന്നു. അശ്രദ്ധമൂലം അപകടം ഉണ്ടാക്കുന്ന ഡ്രൈവർമാർക്കെതിരെ കർശനമായ ശിക്ഷണ നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഉൾപ്പെടുന്ന അപകടങ്ങളിൽ കുറ്റക്കാരെന്ന് കോടതി കണ്ടെത്തുന്നവർക്കെതിരെ കെ.എസ്.ആർ.ടി.സി. കർശന നടപടി സ്വീകരിക്കുന്നുണ്ട്. ഇക്കാര്യത്തിൽ കോടതി വിധി വരുന്നതുവരെ കാത്തിരിക്കാതെ കെ.എസ്.ആർ.ടി.സി. സ്വന്തം നിലയിൽ അന്വേഷണം നടത്തുകയും അപകടത്തിന് ഹേതുവായ ബസ് ഓടിച്ച ഡ്രൈവർ കുറ്റക്കാരനെന്ന് തെളിഞ്ഞാൽ അയാൾക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. കേരളാ സിവിൽ സർവ്വീസ് റൂൾസ്(തരം തിരിവും നിയന്ത്രണവും അപ്പീലും) പ്രകാരമുള്ള ശിക്ഷാ നടപടികളാണ് സ്വീകരിച്ചുവരുന്നത്. പിരിച്ചുവിടൽ, സസ്പെൻഷൻ, വാർഷിക ഇൻക്രിമെന്റ് തടഞ്ഞുവയ്ക്കൽ, തരംതാഴ്ത്തൽ എന്നിവയ്ക്ക് പുറമെ തിരുത്തൽ പരിശീലനത്തിനും(Corrective Training) ഇത്തരം തൊഴിലാളികളെ വിധേയമാക്കാറുണ്ട്. കോടതി വിധി മാനിച്ചുള്ള നടപടികൾ ഇതിനുപുറമേ സ്വീകരിക്കുന്നുണ്ട്.

(സി) കർശന നടപടികളുടെ അഭാവം ഉണ്ടാകുന്നില്ല. (ബി) യിൽ വിശദീകരിച്ചിട്ടുള്ളതിന് പുറമേ ഡ്രൈവർമാരെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് മുൻപ്തന്നെ അപകടരഹിത ഡ്രൈവിംഗ് എങ്ങനെ നിർവ്വഹിക്കാം എന്നതിനെ ആസ്പദമാക്കി കുറ്റമറ്റ പരിശീലനത്തിന് നിയോഗിക്കുന്നുണ്ട്. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവരെ മാത്രമേ ജോലിക്ക് നിയോഗിക്കുന്നുള്ളൂ. ചെറിയ അപകടങ്ങളെ തുടർന്നുപോലും ഡ്രൈവർമാരെ തിരുത്തൽ പരിശീലനത്തിന് നിയോഗിച്ചുവരുന്നു. കൂടാതെ ഡ്രൈവർമാരെ ഡ്രൈവിംഗ് സ്വഭാവം നിരീക്ഷിക്കുന്നതിനായി ഡ്രൈവർ ട്രെയിനർമാരെ നിയോഗിച്ചിട്ടുണ്ട്. ഇവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർപരിശീലന പരിപാടിയും സംഘടിപ്പിക്കുന്നു. കൂടാതെ ഓരോ ഡിപ്പോയിലേയും

LIBRARY ARCHIVES Kerala Legislative Assembly

സൂപ്പർവൈസറി ഉദ്യോഗസ്ഥരെ ഡ്രൈവർമാർക്ക് അപകടരഹിത ഡ്രൈവിംഗ്, ഇന്ധനക്ഷമത എന്നിവ സംബന്ധിച്ച ഉപദേശം നൽകാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഡ്രൈവർമാർ അമിത ജോലി നിർവ്വഹിക്കുന്നതായി കണ്ടെത്തിയിട്ടില്ല. അതുകൊണ്ടുതന്നെ ജോലി ലഘൂകരിക്കാൻ തീരുമാനിച്ചിട്ടില്ല. മാത്രമല്ല ഇതര ആർ.ടി.സി.കളെ അപേക്ഷിച്ച് കെ.എസ്.ആർ.ടി.സി.യിൽ ജോലിഭാരം കുറവാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

(ഇ) കെ.എസ്.ആർ.ടി.സി. വിജിലൻസ് വിഭാഗം വാഹന പരിശോധന വ്യാപകമാക്കി മദ്യപിച്ച് വാഹനമോടിക്കുന്നവരെ കണ്ടെത്താനുള്ള ഊർജ്ജിത ശ്രമം നടത്തിവരുന്നുണ്ട്. ഇതിനായി സർപ്രൈസ് സ്കാഡ് യൂണിറ്റുകൾക്ക് ആധുനിക സംവിധാനങ്ങളുള്ള അൾക്കോ മീറ്ററുകൾ ലഭ്യമാക്കിയിട്ടുണ്ട്. ഡ്യൂട്ടിക്ക് ഡ്രൈവർമാരെ നിയോഗിക്കുന്നതിന് മുൻപ് അവർ ലഹരി പദാർത്ഥങ്ങൾ ഉപയോഗിച്ചിട്ടില്ലെന്ന് കണ്ടെത്താനുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. മദ്യപിച്ച് ഡ്യൂട്ടി ചെയ്യുകയോ, ഡ്യൂട്ടിക്കിടയിൽ മദ്യപിക്കുകയോ ചെയ്യുന്നത് വിലക്കിക്കൊണ്ടുള്ള ഉത്തരവ് കർശനമായിതന്നെ കെ.എസ്.ആർ.ടി.സി.യിൽ നടത്തി വരുന്നു. എതെങ്കിലും ഡ്രൈവർ (ഏത് കെ.എസ്.ആർ.ടി.സി. ജീവനക്കാരനും) മദ്യപിച്ച് ഡ്യൂട്ടി നിർവ്വഹിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ പിരിച്ചുവിടൽ, സസ്പെൻഷൻ, തരംതാഴ്ത്തൽ, വാർഷിക ഇൻക്രിമെന്റ് തടഞ്ഞുവയ്ക്കൽ തുടങ്ങിയ ശിക്ഷണ നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) തിരുവനന്തപുരം ബാംഗ്ലൂർ പോലുള്ള ദീർഘദൂര സർവ്വീസുകളിൽ ഓരോ ബസ്സിലും രണ്ട് ഡ്രൈവർമാരെ വീതം നിയോഗിച്ചിട്ടുണ്ട്. നിരവധി ഡ്യൂട്ടികൾക്ക് പ്രധാന ഡിപ്പോകളിൽ ഡ്രൈവർ ചെഞ്ച് (ഡ്രൈവർമാര മാറ്റി നിയോഗിക്കൽ) ഏർപ്പെടുത്തിയിട്ടുണ്ട്. ഒരു ദിവസം ഡബിൾഡ്യൂട്ടി ചെയ്യുന്നവർക്ക് അടുത്ത ദിവസം പൂർണ്ണമായി വിശ്രമത്തിനായി അനുവദിക്കുകയും ചെയ്യുന്നുണ്ട്.

കെ.എസ്.ആർ.ടി.സി.യിലെ പരിഷ്ക്കാരങ്ങൾ

86 (2183) ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്.ആർ.ടി.സി.യിൽ ഇപ്പോൾ സർവ്വീസ് നടത്തുന്നതിൽ എത്ര വർഷം വരെ പഴക്കമുള്ള ബസുകളുണ്ട് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും എത്ര പുതിയ ബസുകൾ നിരത്തിലിറക്കി ;

(സി) പുതിയ ബസുകൾ നിരത്തിലിറക്കുക വഴി കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടായിരുന്ന ഇന്ധന ക്ഷമത കുറവിൽ മാറ്റം വരുത്തുവാൻ കഴിഞ്ഞിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly